**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.468 -**

**04/02/2020 ലെ മറുപടിക്ക്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ഡോ. ടി.എം. തോമസ് ഐസക്,**<br>**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി** |

| ചോദ്യം | മറുപടി |
|---|---|
| (എ) കേന്ദ്ര സർക്കാർ ഒടുവിൽ പ്രഖ്യാപിച്ച ക്ഷാമബത്ത അടക്കം സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആകെ എത്ര ശതമാനം ക്ഷാമബത്ത കുടിശ്ശികയുണ്ട്; ഓരോ കേന്ദ്ര ക്ഷാമബത്തയ്ക്കും ആനുപാതികമായി സംസ്ഥാനം എത്ര ശതമാനം ക്ഷാമബത്തയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | കേന്ദ്രസർക്കാർ ജീവനക്കാർക്കായി 2019 ജനുവരി മുതലുള്ള 3 ശതമാനവും ജൂലൈ മുതലുള്ള 5 ശതമാനവും ചേർത്ത് ആകെ 8 ശതമാനത്തിന് ആനുപാതികമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുവാനുണ്ട്. 2019 ജനുവരി മുതലുള്ള 3 ശതമാനത്തിന് ആനുപാതികമായി നിലവിൽ നൽകി വരുന്ന 20% ക്ഷാമബത്ത 23% ആയും ജൂലൈ മുതലുള്ള 5 ശതമാനത്തിന് ആനുപാതികമായി 28% ആയും ആണ് വർദ്ധിക്കുക |
| (ബി) കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാബത്ത സമയബന്ധിതമായി നൽകാൻ ഈ സർക്കാരിന് കഴിയാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | പെട്ടെന്നുണ്ടായ പ്രകൃതിക്ഷോഭവും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയവും മൂലം സംസ്ഥാന സർക്കാരിന് സാമ്പത്തിക പ്രയാസം ഉണ്ടായി. എന്നിരുന്നാലും അവസാന ഗഡു ശമ്പള പരിഷ്കരണ കുടിശ്ശികയും മുൻക്ഷാമബത്ത കുടിശ്ശികയും ജീവനക്കാർക്ക് നേരിട്ട് വിതരണം ചെയ്യുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക പരിമിതി മൂലം 2019 ജനുവരി മാസം മുതലുള്ള ക്ഷാമബത്ത കുടിശ്ശിക വിതരണം ചെയ്യുവാൻ കാലതാമസം നേരിടുന്നുണ്ട്. |
| (സി) ക്ഷാമബത്ത അനുവദിക്കുന്നതിനായി ഏതെല്ലാം സർവ്വീസ് സംഘടനകൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ? | സ്റ്റേറ്റ് എംപ്ലോയീസ് & ടീച്ചേഴ്സ് ഓർഗനൈസേഷൻ ചെയർമാൻ സമർപ്പിച്ച (ഫയൽ നം. 1195013/PRU2/19/Fin), നിവേദനവും സെക്രട്ടേറിയറ്റ് പെൻഷനേഴ്സ് വെൽഫയർ അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച (ഫയൽ നം. 1342971/PRU2/23/2019) നിവേദനവും കേരള എൻ.ജി.ഒ യൂണിയൻ ജനറൽ സെക്രട്ടറി സമർപ്പിച്ച നിവേദനവും (ഫയൽ നം.1355394/PRU 2/24/2019) സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ